# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.390 — 19.10.2016-ൽ മറുപടിക്ക്

### വനംകൊള്ള

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.എം.ഷാജി<br>,, പാറക്കൽ അബ്ദുല്ല<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.ടി.എ.അഹമ്മദ് കബീർ | | അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) വനംകൊള്ള വീണ്ടും സജീവമായെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽ വന്നിട്ടില്ല. |
| ബി) മറയൂരിൽ വീണ്ടും ചന്ദനക്കടത്ത് വ്യാപകമായതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | മറയൂരിൽ ചന്ദനക്കടത്ത് വ്യാപകമായിട്ടില്ല. 2015 നെ അപേക്ഷിച്ച് 2016 വർഷം മറയൂരിൽ ചന്ദനം കേസുകളിൽ കുറവ് വന്നിട്ടുണ്ട്. ചന്ദന മേഖല ബ്ലോക്കായി തിരിച്ച് ഓരോ ബ്ലോക്കിലും സംരക്ഷണ ഉദ്യോഗസ്ഥരെ നിയമിച്ച് രാത്രിയും പകലും നിരന്തരം പട്രോളിംഗ് നടത്തി ചന്ദന മരങ്ങളെ സംരക്ഷിച്ചു വരുന്നു. കൂടാതെ മോഷണ സാധ്യത കൂടുതലുള്ള സ്ഥലങ്ങളിൽ വേലി കെട്ടി സംരക്ഷണം ഉറപ്പാക്കുന്നു. രാത്രി കാലങ്ങളിൽ റോഡ് പട്രോളിംഗും വാഹന പരിശോധനയും നടത്തി വരുന്നു. പരിശീലനം സിദ്ധിച്ച ഡോഗ് സ്ക്വാഡിന്റെ പ്രവർത്തനവും ഇതിനായി ഉപയോഗിച്ചു വരുന്നു. |

. . . . . 2)

| | |
|---|---|
| സി) ചന്ദനത്തോടൊപ്പം, വനം വകുപ്പ് വെട്ടിസൂക്ഷിച്ചിട്ടുള്ള മരങ്ങൾ കടത്താനും വനം മാഫിയ ശ്രമം നടത്തുന്ന സാഹചര്യത്തിൽ ഇത് തടയുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (സി) ചന്ദനമരമോ മറ്റ് മരങ്ങളോ വെട്ടി കടത്തുന്നത് തടയുന്നതിന് യഥാസമയം വനമേഖലകളിൽ പട്രോളിംഗ് നടത്തുകയും, കുറ്റകൃത്യങ്ങൾ തടയുന്നതിന് സത്വര നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. വനം വകുപ്പ് വെട്ടി സൂക്ഷിക്കുന്ന ചന്ദനമരങ്ങളും, ചന്ദന തൊണ്ടിയും സൂക്ഷിക്കുന്ന മറയൂർ ചന്ദന ഡിപ്പോയിൽ ആവശ്യമായ സംരക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സംവിധാനത്തിൽ വേണ്ട ശക്തിപ്പെടുത്തലുകളും നടത്തി വരുന്നുണ്ട്. |

Vbeena

സെക്ഷൻ ഓഫീസർ

10/